**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2365** **16-03-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ താൽക്കാലിക ഓവർസീയർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **null**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ താൽക്കാലിക ഓവർസീയർമാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിലവിൽ എത്ര താൽക്കാലിക ഓവർസീയർമാർ പഞ്ചായത്തുകളിൽ ജോലി ചെയ്തുവരുന്നു എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനത്തിന് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അവശ്യ ഘട്ടത്തിൽ ദിവസ വേതനടിസ്ഥാനത്തിൽ പത്ര പരസ്യം നൽകി അഭിമുഖം നടത്തി പഞ്ചായത്ത് ഭരണ സമിതി ഓവർസിയർമാരെ നിയമിക്കുന്നുണ്ട്. താത്കാലിക ഓവർസിയർമാരുടെ എണ്ണം തിരുവനന്തപുരം -1 കൊല്ലം - ഇല്ല പത്തനംതിട്ട-4 ആലപ്പുഴ-29 കോട്ടയം-33 ഇടുക്കി-21 എറണാകുളം-4 തൃശ്ശൂർ-19 പാലക്കാട്-25 മലപ്പുറം - 33 കോഴിക്കോട്-24 വയനാട്-5 കണ്ണൂർ-18 കാസർഗോഡ് - 3 ഇടുക്കി ജില്ലയിൽ 7 പേരും എറണാകുളം ജില്ലയിൽ 12 പേരും തൃശ്ശൂർ ജില്ലയിൽ 17 പേരും കോഴിക്കോട് ജില്ലയിൽ 30 പേരും വയനാട് ജില്ലയിൽ 5 പേരും കാസർഗോഡ് ജില്ലയിൽ 14 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഓവർസിയർ തസ്തികയിൽ താത്കാലിക നിയമനം നേടിയിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുകളിലെ താൽക്കാലിക ഓവർസീയർമാരെ റിക്രൂട്ട് ചെയ്യുകയും നിയമിക്കുകയും ചെയ്യുന്ന അധികാരി ആരാണെന്നും എത്ര വർഷത്തേക്കാണ് ഇവരെ നിയമിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനത്തിന് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അവശ്യ ഘട്ടത്തിൽ ദിവസ വേതനടിസ്ഥാനത്തിൽ പത്ര പരസ്യം നൽകി അഭിമുഖം നടത്തി പഞ്ചായത്ത് ഭരണ സമിതി ഓവർസിയർമാരെ നിയമിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനം 179 ദിവസത്തേക്കാണ്. |
| (സി) | സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും പത്ത് വർഷത്തിലധികമായി ജോലി നോക്കി വരുന്ന താൽക്കാലിക ഓവർസീയർമാർ തങ്ങളെ | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | | |
| (ഡി) | കരാർ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ വർഷങ്ങളായി ജോലി നോക്കുന്ന താൽക്കാലിക ഓവർസീയർമാർ പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | പഞ്ചായത്തുകളിൽ താൽക്കാലിക ഓവർസീയർമാരായി നിയമനം ലഭിച്ചവരെ പിരിച്ചുവിടാനും താൽക്കാലിക ഓവർസീയർമാരുടെ നിയമനങ്ങൾ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | അപ്രകാരമൊരു പ്രൊപോസൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ